**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2447** **12-12-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിലെ താല്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകൊയിൽ നിലവിൽ എത്ര താല്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഏതെല്ലാം തസ്തികകളിലാണ് ഇവർ ജോലി ചെയ്യുന്നത് എന്നതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത ജീവനക്കാരെ പിരിച്ച് വിട്ട് പുതിയ താല്കാലിക ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ആകെ 6462 ദിവസവേതന ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. തസ്തിക തിരിച്ചുള്ള എണ്ണം ഇതോടൊപ്പമുള്ള അനുബന്ധം 1, അനുബന്ധം 2 എന്നിവയിൽ ഉള്ളടക്കം ചെയ്യുന്നു. നിലവിൽ താൽക്കാലിക ജീവനക്കാരെ പിരിച്ച് വിട്ട് പുതിയ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ വർഷങ്ങളായി പാക്കർ തസ്തികയിൽ സപ്ലൈകൊയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിയെ യൂണിയൻ നേതാവ് ആവശ്യപ്പെട്ട പണം നൽകാത്തതിന്റെ പേരിൽ ജോലിയിൽ നിന്നും പിരിച്ച് വിട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് പോലീസിലും മറ്റും പരാതി നൽകിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സപ്ലൈകോയിലെ തിരിമറിയുമായി ബന്ധപ്പെട്ട് ആർക്കെല്ലാമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദാംശം നൽകുമോ? | (സി) | കോട്ടയം ഒറവയ്ക്കൽ NFSA ഗോഡൗണിലേക്ക് K.E.Agro Products (P) Ltd Rice Mill-ൽ നിന്നും 26.10.19-ൽ അയച്ച 260 ചാക്ക് CMR അരി ഗോഡൗണിൽ എത്തിക്കാതെ കടത്തിക്കൊണ്ടു പോയതുമായി ബന്ധപ്പെട്ട് ഓഫീസർ ഇൻ ചാർജ്ജായിരുന്ന ശ്രീ. ആർ. ബിനീഷിനെതിരെ വകുപ്പുതലത്തിൽ അച്ചടക്കനടപടി തുടരുന്നുണ്ട്.<br><br>തിരുവനന്തപുരം ഫോർട്ട് പീപ്പിൾസ് ബസാറിലെ ചാർജ്ജ് കൈമാറ്റത്തിനായി 05.10.18-ലെ പരിശോധനയിൽ സ്റ്റോക്കിൽ വ്യത്യാസം കണ്ട വിഷയത്തിൽ, സ്റ്റോക്കിൽ തിരിമറി നടത്തിയതായി ആരോപിച്ച് VC-01/22/SRT നമ്പർ ആയി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ വിഷയത്തിൽ താഴെ പറയുന്ന ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>1) ശ്രീ. മാഹിൻ. എസ്. , OIC |

| | | | | |
|---|---|---|---|---|
| | | | | 2) ശ്രീ. അശോക് കുമാർ. കെ. , അസിസ്റ്റന്റ്<br><br>3) ശ്രീ. ബിജു പ്രദീപ്.കെ., അസിസ്റ്റന്റ്<br><br>4) ശ്രീ. ഷിബുലാൽ. എൻ.എസ്. ,അസിസ്റ്റന്റ്<br><br>5) ശ്രീ. സജീവ് കുമാർ. എസ്., അസിസ്റ്റന്റ്<br><br>6) ശ്രീ. അനിൽകുമാർ.എ., അസിസ്റ്റന്റ്<br><br>വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പനമരം കൊല്ലൂർ എന്ന സ്ഥലത്ത് നിർമ്മാണത്തിലിരിക്കുന്ന വീട്ടിൽ നിന്നും റേഷനരി പിടിച്ചെടുത്ത സംഭവവുമായി ബന്ധപ്പെട്ട് DYCR ന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനാഞ്ചിറ NFSA ഓഫീസർ ഇൻ ചാർജ്ജായി ജോലി ചെയ്തിരുന്ന ശ്രീ. ഇമ്മാനുവൽ സെബാസ്റ്റ്യനെ അന്വേഷണ വിധേയമായി വേലവിലക്കുകയും സിവിൽ സപ്ലൈസ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം സ്പെഷ്യൽ സ്ക്വാഡ് 01.10.20 ന് നടത്തിയ അന്വേഷണത്തിലും, സപ്ലൈകോയുടെ IAW നടത്തിയ വിശദമായ ഓഡിറ്റിലും 809 ക്വിന്റൽ അരി ബില്ലടിച്ചെങ്കിലും ആയത് റേഷൻ കടയിൽ വരവ് വച്ചിട്ടില്ല. അപ്രകാരം സപ്ലൈകോയ്ക്ക് നഷ്ടം വരുത്തിയിട്ടുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് വകുപ്പുതലതത്തിൽ അച്ചടക്കനടപടി സ്വീകരിച്ചുവരുകയാണ്. ടി കേസിൽ ഗോഡൗൺ അസിസ്റ്റന്റായിരുന്ന ശ്രീ. വിപിൻ. എ.എ. ASM-നെതിരെയും നടപടി സ്വീകരിച്ചുവരുന്നുണ്ട്.<br><br>അമ്പലപ്പുഴ താലൂക്കിൽ A.N. പുരം ക്ഷേത്രത്തിന് സമീപം പാർക്ക് ചെയ്തിരുന്ന വാഹനങ്ങളിൽ നിന്ന് പോലീസ് ഭക്ഷ്യധാന്യങ്ങൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ NFSA ഗോഡൗണിൽ ആലപ്പുഴ ജില്ലാ സപ്ലൈ ആഫീസർ 25.06.2021-ൽ നടത്തിയ പരിശോധനയിൽ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിൽ ഗുരുതര ക്രമക്കേട് കണ്ടെത്തുകയും ടി NFSA ഗോഡൗൺ OIC ശ്രീ. അനിൽകുമാർ.ജെ. (ജൂനിയർ മാനേജർ), കസ്റ്റോഡിയൻ ശ്രീമതി കെ. രാജലക്ഷ്മി എന്നിവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# Annexure I

| Sl.No | post | Number |
|---|---|---|
| 1 | Display Staff | 4422 |
| 2 | Packing Assistant | 1340 |
| 3 | Daily Staff in NFSA | 196 |
| 4 | Daily Staff in LPG Outlet | 26 |
| 5 | Daily Staff in petrol Pump | 116 |
| 6 | Sweepers/Cleaning staff | 122 |
| 7 | Pharmacist | 16 |
| | **Total** | **6238** |

# Annexure II

| Sl.No | post | Number |
|---|---|---|
| 1 | Typist | 10 |
| 2 | Data entry Operator | 58 |
| 3 | Driver | 46 |
| 4 | Security Staff | 5 |
| 5 | Office Attendant | 10 |
| 6 | Sweepers/ Cleaning staff (Daily wage) | 59 |
| 7 | Canteen Staff | 7 |
| 8 | Others | 29 |
| | **Total** | **224** |